ലാളികളുടേയും നിലവിലുണ്ടായിരുന്ന വേതനവും പുതുക്കിയ അടിസ്ഥാന വേതനവും അടങ്ങിയ പട്ടിക ഇതോടൊപ്പം അനുബന്ധമായി† ചേർത്തിരിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, തോട്ടം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നാണ് വേതനക്കരാർ. അത് മുൻകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കിയെന്ന് പറഞ്ഞു. ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കാമെന്ന് ഗവണ്മെന്റ് വാഗ്ദാനം ചെയ്തിരുന്നതാണ്. അതിനാവശ്യമായ നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി നടപടി എടുക്കാൻ മുൻകൈ എടുക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇപ്പോൾ തോട്ടം തൊഴിലാളികളുടെ വേതനത്തിൽ വന്നിട്ടുള്ള മാറ്റം കേരളത്തിൽ ഇതിനു മുൻപുണ്ടായിരുന്ന ഏത് ഗവണ്മെന്റിന്റെ കാലത്തും ലഭിച്ചതിനേക്കാൾ കൂടുതലാണ്. എല്ലാ ട്രേഡ് യൂണിയൻ നേതാക്കളും പാർട്ടി ഭേദമന്യേ കക്ഷിഭേദമെന്യേ സമ്മേളനംകഴിഞ്ഞ് ഇതിനെ പ്രശംസിക്കുകയുണ്ടായിട്ടുണ്ട്. അതുപോലെതന്നെ ചെറുകിട തോട്ടം തൊഴിലാളികളെ സംബന്ധിച്ച് ഒരു ക്ഷേമനിധി ബിൽ മന്ത്രിസഭ അംഗീകരിച്ചതാണ്. കഴിഞ്ഞ നിയമസഭാസമ്മേളന സമയത്ത് തന്നെ ഇത് നിയമസഭ പാസ്സാക്കാൻവേണ്ടി പബ്ലിഷ് ചെയ്തിട്ടുണ്ട്. നിയമസഭയുടെ ഡേറ്റ് സൗകര്യപ്പെടുത്തി തോട്ടംതൊഴിലാളിക്ഷേമനിധി ബിൽ പാസ്സാക്കി എടുക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനം

6 (*625)ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. ബാബു :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർമുക്കം ബണ്ടിന്റെ ഒറിജിനൽ ഡ്രായിംഗ് പ്രകാരം എത്ര ഷട്ടറുകളാണ് വേണ്ടിയിരുന്നത്; ഇപ്പോൾ എത്ര ഷട്ടറുകളുണ്ട്;

(ബി) ഇതിന്റെ സ്കീമനുസരിച്ച് എത്ര ഷട്ടറുകൾ തുടർച്ചയായി തുറന്നു വയ്ക്കുകയും അടച്ചിടുകയും ചെയ്യണമായിരുന്നു;

(സി) ഇപ്പോൾ എത്ര ഷട്ടറുകൾ തുടർച്ചയായി തുറന്നുവയ്ക്കുകയും അടച്ചിടുകയും ചെയ്യുന്നുണ്ട്;

(ഡി) തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന്റെ ചുമതല ആർക്കാണ്;

(ഇ) ഇതിന് ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് എന്ന് അറിയിക്കുമോ;

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ഈ ബണ്ടിന്റെ ഷട്ടറുകൾ തുടർച്ചയായി അടച്ചിട്ടിരിക്കുന്നത് എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ താഴ്ന്ന പ്രദേശങ്ങളെ എപ്രകാരം ബാധിച്ചിട്ടുണ്ട്;

(ജി) ഈ ബണ്ടിന്റെ ഷട്ടറുകൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതിലെ അപാകതകൾമൂലം ഓരുവെള്ളം കയറി കോട്ടയം ജില്ലയിലെ പടിഞ്ഞാറൻ പ്രദേശങ്ങളിലുള്ള പാടശേഖരങ്ങളിലെ നെൽക്കൃഷി നശിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(എച്ച്) പ്രസ്തുത ബണ്ട് പൂർത്തിയാകുമ്പോൾ മൂവാറ്റുപുഴ ആറിലെ ജലം തണ്ണീർമുക്കത്തിന് തെക്കുവശത്ത് കായലിൽ എത്തിക്കുവാൻ പരിപാടി ഉണ്ടായിരുന്നോ; എങ്കിൽ അപ്രകാരം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഐ) തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നത് സംബന്ധിച്ച തീരുമാനമെടുക്കുന്ന കമ്മിറ്റിയിൽ കുട്ടനാട് മേഖലയുടെ പരിധിയിൽവരുന്ന വൈക്കം, കടുത്തുരുത്തി, ഏറ്റുമാനൂർ, കോട്ടയം, ചങ്ങനാശ്ശേരി എം.എൽ.എ.മാരേയും കോട്ടയം ജില്ലാ കളക്ടർ, പ്രിൻസിപ്പൽ ജില്ലാ കൃഷി ഓഫീസർ എന്നീ ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) 93 ഷട്ടറുകളാണ് വേണ്ടിയിരുന്നത്. ഇപ്പോൾ 62 ഷട്ടറുകളുണ്ട്.

(ബി) വിഭാവന ചെയ്തിരുന്ന മുഴുവൻ ഷട്ടറുകളും തുറന്നുവയ്ക്കുകയും അടച്ചിടുകയും ചെയ്യേണ്ടതായിരുന്നു.

(സി) നിലവിലുള്ള 62 ഷട്ടറുകളും തുറന്നുവയ്ക്കുകയും അടച്ചിടുകയും ചെയ്യുന്നുണ്ട്.

(ഡി) ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനായി ജനപ്രതിനിധികളും ഉദ്യോഗസ്ഥ പ്രമുഖരും അംഗങ്ങളായിട്ടുള്ള ഒരു സമിതിയാണ് തീരുമാനമെടുക്കുന്നത്.

(ഇ) ഉണ്ട്.

കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

1. ശ്രീ. വി.എം. സുധീരൻ, എം.പി.
2. ശ്രീ. സുരേഷ് കുറുപ്പ്, എം.പി.
3. പ്രൊഫ. എ.വി. താമരാക്ഷൻ എം. എൽ.എ
4. ഡോ. കെ.സി. ജോസഫ്, എം.എൽ.എ.
5. ശ്രീ. കെ.സി. വേണുഗോപാൽ, എം.എൽ.എ.
6. അഡ്വ. പി.ജെ. ഫ്രാൻസിസ്, എം.എൽ.എ.
7. ശ്രീമതി കെ.ആർ. ഗൗരിയമ്മ, എം.എൽ.എ.
8. ജോയിന്റ് രജിസ്ട്രാർ, സഹകരണസംഘം, ആലപ്പുഴ.
9. ജോയിന്റ് ഡയറക്ടർ, കൃഷി, ആലപ്പുഴ.
10. ആർ.ഡി.ഒ., ആലപ്പുഴ.

LIBRARY ARCHIVES Kerala Legislative Assembly

11. എക്സിക്യൂട്ടീവ് എൻജിനീയർ, ഇറിഗേഷൻ ഡിവിഷൻ, ആലപ്പുഴ.

12. എക്സിക്യൂട്ടീവ് എൻജിനീയർ, മെക്കാനിക്കൽ ഡിവിഷൻ, തണ്ണീർമുക്കം.

13. പ്രസിഡന്റ്, തണ്ണീർമുക്കം പഞ്ചായത്ത്

14. ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്, ആലപ്പുഴ.

15. ധീവർസഭയുടെ തണ്ണീർമുക്കം ബണ്ടിന്റെ ഇരുകരകളിലുമുള്ള ശാഖയുടെ രണ്ട് പ്രതിനിധികൾ.

(എഫ്)ഈ ബണ്ടിൽ ഇപ്പോൾ ഷട്ടറുകൾ തുടർച്ചയായി അടച്ചിടാറില്ല. ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനായുള്ള കമ്മിറ്റിയുടെ തീരുമാനപ്രകാര മാണ് ഷട്ടറുകൾ തുറക്കുകയും അടയ്ക്കുകയും ചെയ്തുവരുന്നത്.

(ജി) ബണ്ടിന്റെ ഷട്ടറുകൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതിൽ അപാകതകൾ ഉള്ളതായി ഇതുവരെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഷട്ടറുകൾ താഴ്ത്തിയതിന് ശേഷം ചില സാമൂഹ്യവിരുദ്ധർ ഷട്ടറുകൾ ദുരുപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) ഉള്ളതായി ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഐ) ഈ നിർദ്ദേശം പരിഗണിച്ചിട്ട് വേണ്ട നടപടി എടുക്കാവുന്നതാണ്.

വനിതാ തൊഴിൽ സംരംഭകർ

7 (* 626)<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> :

<u>ശ്രീ. പി. രാഘവൻ</u> :

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :

<u>ശ്രീമതി എൻ.കെ. രാധ</u> :

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിതാ തൊഴിൽ സംരംഭകരെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇവരുടെ എണ്ണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏതൊക്കെ മേഖലകളിലാണ് ഇവയുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ കാരണങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇവർ ഗ്രാമീണ തൊഴിൽ മേഖലകളിൽ കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ;

(എഫ്)കൂടുതൽ തൊഴിൽ സംരംഭകരെ ആകർഷിക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി സുശീലാ ഗോപാലൻ)</u> :

(എ) പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly